# കേരള സർവകലാശാല

നം.പി.ആർ.249/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഇന്ത്യൻ ചരിത്ര കോൺഗ്രസ് – ബഹു.രാഷ്ട്രപതി ഉദ്ഘാടനം നിർവഹിച്ചു

ഇന്ത്യ ചരിത്രത്തിന്റെ പുനർനിർമ്മിതി ആയിരിക്കണം ചരിത്രകാരൻമാരുടെ പ്രഥമകർത്തവ്യം എന്ന ചരിത്രകോൺഗ്രസ് ആദ്യ പ്രസിഡണ്ടായ പ്രൊഫ.ഷഫാത്ത് അഹമ്മദ് ഖാന്റെ വാക്കുക്കൾ 81 വർഷങ്ങൾക്കിപ്പുറവും വളരെ പ്രസക്തമാണെന്ന് ബഹു. രാഷ്ട്രപതി ശ്രീ പ്രണബ് മുഖർജി അഭിപ്രായപ്പെട്ടു. 77-ാമത് ഇൻഡ്യൻ ചരിത്ര കോൺഗ്രസ് കാര്യവട്ടം ഗോൾഡൻ ജൂബിലി ആഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുക ആയിരുന്നു അദ്ദേഹം. ആധുനിക രാഷ്ട്ര നിർമ്മിതിക്കായി നൂറ്റാണ്ടുകളായി ഇന്ത്യയിൽ വേരൂന്നിയ സമ്മിശ്രസംസ്കാരത്തെയും ദേശീയതയെയും കുറിച്ച് ചരിത്രകാരൻമാർ വിശദമായ പഠനം തുടരെണ്ടതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രാദേശികചരിത്രവും ദേശീയ ചരിത്രവും രേഖപ്പെടുത്തുമ്പോൾ വൈരുദ്ധ്യവും ഭിന്നാഭിപ്രായവും ഉണ്ടാവാതിരിക്കാൻ ചരിത്രക്കാരൻമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ, ഈ രണ്ട് ചരിത്രങ്ങളും വസ്തുനിഷ്ഠമായി രേഖപ്പെടുത്തണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ചരിത്ര കോൺഗ്രസിന് വേദിയൊരുക്കിയ സംസ്ഥാന സർക്കാരിനെയും കേരള സർവകലാശാലയെയും ബഹു. രാഷ്ട്രപതി അഭിനന്ദിച്ചു. ജനവിഭാഗങ്ങൾ ദീർഘകാലം പാർശ്വവത്കരിക്കപ്പെടുന്നതുപോലെ ചരിത്രവസ്തുതകളും അറിയപ്പെടാതെ പോകുന്നുണ്ട്. ഇന്ന് നമുക്ക്

ലഭിക്കുന്ന ചരിത്രങ്ങളെയും നിഷ്പക്ഷ ഗവേഷണത്തിലൂടെയും വിശകലനത്തിലൂടെയും സ്ഥാപിക്കപ്പെടേണ്ടതുണ്ടെന്ന് ചടങ്ങിൽ പ്രസംഗിച്ച

ബഹു.ഗവർണർ ജസ്റ്റിസ്(റിട്ട.) ശ്രീ.പി.സദാശിവം അഭിപ്രായപ്പെട്ടു.

ചരിത്ര കോൺഗ്രസിന്റെ നടപടിക്രമങ്ങളുടെ ഔദ്യോഗിക പ്രകാശനം ബഹു.മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ആദരണീയനായ ബഹു.രാഷ്ട്രപതി ശ്രീ.പ്രണബ് മുഖർജിക്ക് കൈമാറിക്കൊണ്ട് നിർവ്വഹിച്ചു. മികച്ച ചരിത്രകാരനുള്ള രാജ്വാഡെ അവാർഡ് പ്രശസ്ത ചരിത്രക്കാരൻ ഐരാവതം മഹാദേവന് രാഷ്ട്രപതി ചടങ്ങിൽ സമ്മാനിച്ചു.

ബഹു.വിദ്യാഭ്യാസ മന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ്, ബഹു.ദേവസ്വം ടൂറിസം മന്ത്രി ശ്രീ.കടകംപള്ളി സുരേന്ദ്രൻ, പ്രതിപക്ഷ നേതാവ് ശ്രീ.രമേശ് ചെന്നിത്തല, മേയർ ശ്രീ. വി.കെ.പ്രശാന്ത് എന്നിവർ സന്നിഹിതരായിരുന്നു. കേരള സർവകലാശാല വൈസ്-ചാൻസലർ പ്രൊഫ.പി.കെ.രാധാകൃഷ്ണൻ സ്വാഗതവും പ്രൊഫ. ഷിറീൻ മൂസ്വി നന്ദിയും പറഞ്ഞു.

## ബി.ടെക് സൂക്ഷ്മപരിശോധന

കേരള സർവകലാശാല നവംബറിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ ബി.ടെക് (2013 സ്കീം) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് ഓൺലൈനായി അപേക്ഷിച്ചവർ ഹാൾടിക്കറ്റും ഫോട്ടോ പതിപ്പിച്ച

തിരിച്ചറിയൽ രേഖയുമായി ഡിസംബർ 30 മുതൽ 2017 ജനുവരി ഏഴ് വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ വൈകുന്നേരം മൂന്ന് മണിമുതൽ അഞ്ച് വരെയുള്ള സമയങ്ങളിൽ ഇ.ജെ. VII സെക്ഷനിൽ ഹാജരാകണം.

## ബി-ആർക്ക് പരീക്ഷ

ടി.കെ.എം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ 2016 മേയ് മാസം നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ, 2016 ജൂണിൽ നടത്തിയ. മൂന്നാം സെമസ്റ്റർ ബി-ആർക്ക് പരീക്ഷകളുടെ തടഞ്ഞുവച്ചിരുന്ന പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സപ്ലിമെന്ററി വിദ്യാർത്ഥികൾ ഫീസ് അടക്കുന്നതിനുള്ള അവസാന തിയതി 2017 ജനുവരി മൂന്ന്. മൂന്നാം സെമസ്റ്റർ, റെഗുലർ സപ്ലിമെന്ററി പരീക്ഷകൾ 2017 ജനുവരി അഞ്ചിന് തുടങ്ങും. ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾ 2017 ജനുവരി 12 ന് തുടങ്ങും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പരീക്ഷ ടൈംടേബിൾ

കേരള സർവകലാശാല 2017 ജനുവരി ഒമ്പതിന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എ/ബി.എസ്.സി/ബി.കോം/ ബി.ബി.എ/ബി.സി.എ/ബി.പി.എ/ബി.വോക്/ബി.എസ്.ഡബ്ലിയു. പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പരീക്ഷ ടൈംടേബിൾ

കേരള സർവകലാശാല 2017 ജനുവരി പത്തിന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എ/ബി.എസ്.സി/ബി.കോം/ ബി.ബി.എ/ബി.സി.എ/ബി.പി.എ/ബി.എസ്.ഡബ്ലിയു പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സൂക്ഷ്മപരിശോധന

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എ/ബി.എസ്.സി/ബി.കോം/ ബി.ബി.എ/ബി.സി.എ/ബി.പി.എ പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ഹാൾടിക്കറ്റും തിരിച്ചറിയൽ രേഖയുമായി ഡിസംബർ 30 മുതൽ 2017 ജനുവരി ഏഴ് വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ വൈകുന്നേരം മൂന്ന് മണിമുതൽ അഞ്ച് വരെയുള്ള സമയങ്ങളിൽ ഇ.ജെ. III സെക്ഷനിൽ ഹാജരാകണം.

## എം.ടെക് ഫലം

കേരള സർവകലാശാല എപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ടെക് (സപ്ലിമെന്ററി - 2013 സ്കീം) കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് ബ്രാഞ്ച് - പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. മാർക്ക്ലിസ്റ്റുകൾ അതത് കോളേജുകളിൽ 2017 ജനുവരി 16 മുതൽ ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്ക് 2017 ജനുവരി 19 വരെ അപേക്ഷിക്കാം.

## പുനർമൂല്യനിർണ്ണയം തിയതി നീട്ടി.

കേരള സർവകലാശാല ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ത്രി മെയിൻ) എൽ.എസ്.സി/എസ്.ഡി.ഇ-മെയ് 2016 പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കാനുള്ള അവസാന തിയതി 2017 ജനുവരി 10 വരെ നീട്ടി.

തിരുവനന്തപുരം.
29.12.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**